പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1575** — **04.12. 2015-ൽ മറുപടിക്ക്**

## നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.ഉബൈദുള്ള** | | **ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)** | |
| (എ) | നഗരപ്രദേശങ്ങളിൽ സ്വന്തമായി പാർപ്പിടമില്ലാത്തവർക്കു വേണ്ടി ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; | (എ) | ബിഎസ്‌യുപി, ഐഎച്ച്എസ്‌ഡിപി, ആർഎവൈ, പിഎംഎവൈ, എൻയുഎൽഎം - ലെ 'ഷെൽറ്റർ ഫോർ അർബൻ ഹോംലെസ്' എന്നീ പദ്ധതികളാണ് നഗര പ്രദേശങ്ങളിൽ സ്വന്തമായി പാർപ്പിടമില്ലാത്തവർക്ക് വേണ്ടിയുള്ള ഭവന പദ്ധതികൾ. |
| (ബി) | നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; | (ബി യും സി യും) | നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ ജനസംഖ്യാടിസ്ഥാനത്തിൽ 14 നഗരങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന കുടുംബശ്രീ മിഷനെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട നഗരസഭകളിൽ പദ്ധതിയുടെ ചുമതല നൽകി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിലും നഗരങ്ങളിലും മിഷൻ മാനേജർമാരെ നിയമിച്ചു. സാമൂഹിക സംഘാടനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും നിർജ്ജീവമായവയെ ശക്തിപ്പെടുത്തുന്നതിനും പദ്ധതി വഴി സാമ്പത്തികസഹായവും പിന്തുണയും നൽകി വരുന്നു. കൂടാതെ അയൽക്കൂട്ടങ്ങൾക്കും എഡിഎസിനും സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഇതിലുപരിയായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരു വ്യക്തിയ്ക്ക് 2 ലക്ഷം രൂപയും ഒരു ഗ്രൂപ്പിന് 10 ലക്ഷം രൂപയും 4% പലിശനിരക്കിൽ വായ്പയായി നൽകുന്നു. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | | |

(ഡി) 'എല്ലാവർക്കും ഭവനം' എന്ന പദ്ധതി ഏതെല്ലാം നഗരസഭകളിലാണ് നടപ്പാക്കുന്നത്;

(ഡി)
1. തിരുവനന്തപുരം
2. കൊല്ലം
3. ആലപ്പുഴ
4. പത്തനംതിട്ട
5. കോട്ടയം
6. തൃശൂർ
7. കൊച്ചി
8. പാലക്കാട്
9. കോഴിക്കോട്
10. കല്പ്പറ്റ
11. തൊടുപുഴ
12. മലപ്പുറം
13. കാസർഗോഡ്
14. കണ്ണൂർ

(ഇ) ഏതെല്ലാം വിഭാഗക്കാർക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് ; അർഹരായവർക്കെല്ലാം പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

(ഇ) സ്വന്തമായി വീടില്ലാത്ത 3 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഇഡബ്ല്യൂഎസ് ഗ്രൂപ്പിലും 3–6 ലക്ഷം രൂപ വരെ താഴ്ന്ന വരുമാനുള്ള എൽഐജി ഗ്രൂപ്പിലും ഉൾപ്പെടുന്ന കുടുംബങ്ങളെയും 300 പേരോ 60–70 കുടുംബങ്ങളോ ഉള്ള ചേരി നിവാസികളെയുമാണ് ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. അർഹരായവർക്കെല്ലാം പദ്ധതിയുടെ പ്രയോജനം ലഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ